REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആന്റ് ആജീവിക മിഷൻ ഗ്രാമീൺ ബിൽ പാർലമെന്റ് പാസാക്കി.**
- **രണ്ട് ദിവസത്തെ ഒമാൻ സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിലേക്ക് യാത്ര തിരിച്ചു.**
- **സംസ്ഥാനത്തെ എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനവും പൂർത്തിയായി. കരടു വോട്ടർപട്ടിക 23-ന് പ്രസിദ്ധീകരിക്കും.**
- **കേരള രാജ്യാന്തര ചലച്ചിത്രമേള വൈകിട്ട് സമാപിക്കും.**
- **ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് അഹമ്മദാബാദിൽ.**

## വാർത്തകൾ വിശദമായി

വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആന്റ് ആജീവിക മിഷൻ ഗ്രാമീൺ ബിൽ 2025 പാർലമെന്റ് പാസാക്കി. ആദ്യം ലോക്സഭ പാസാക്കിയ ബിൽ ഇന്നലെ രാത്രി വൈകി രാജ്യസഭയും പാസാക്കുകയായിരുന്നു.

2047 ഓടെ വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്ക് രാജ്യത്തെ നയിക്കുന്ന കാഴ്ചപ്പാടിന് അനുസൃതമായി ഗ്രാമ വികസന ചട്ടക്കൂട് ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടാണ് ബിൽ കൊണ്ടുവന്നത്.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.......

ഗ്രാമീണ കുടുംബങ്ങൾക്ക് ഓരോ സാമ്പത്തിക വർഷവും 125 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്ന വ്യവസ്ഥയോടെയാണ് ബിൽ തയ്യാറാക്കിയത്. പദ്ധതിക്ക് ആവശ്യമായ തുക കേന്ദ്രവും സംസ്ഥാനങ്ങളും 60-40 എന്ന അനുപാതത്തിൽ പങ്കുവെക്കും. വടക്ക് - കിഴക്കൻ ഹിമാലയൻ സംസ്ഥാനങ്ങളിൽ ഇത് 90-10 എന്ന അനുപാതത്തിലായിരിക്കും. സംസ്ഥാന ഗവൺമെന്റുകളുടെ തൊഴിലില്ലായ്മ അലവൻസും നഷ്ടപരിഹാരവും ഇതോടൊപ്പം തുടരുകയും ചെയ്യും.

രാഷ്ട്രം ആദ്യം എന്ന മുദ്രാവാക്യമാണ് ഗവൺമെന്റിന്റേതെന്ന് രാജ്യസഭയിൽ ബിൽ ചർച്ചയ്ക്ക് മറുപടി പറഞ്ഞ ഗ്രാമ വികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വ്യക്തമാക്കി. ഗ്രാമങ്ങളുടെ വികസനമുണ്ടാകാതെ രാജ്യ വികസനം സാധ്യമാകില്ല. സമൂഹത്തിലെ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കായി ഗവൺമെന്റ് അക്ഷീണ പരിശ്രമം തുടരുകയാണെന്നും ചൗഹാൻ പറഞ്ഞു.

രാജ്യസഭയിൽ ചർച്ചയ്ക്ക് തുടക്കമിട്ട കോൺഗ്രസിലെ മുകുൾ വാസ്നിക് ബില്ലിനെ എതിർത്തു. കോടിക്കണക്കിന് ജനങ്ങളെ ബിൽ ദോഷകരമായി ബാധിക്കുമെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ ബില്ലിനെ നിസ്സാരമായി കാണരുതെന്നും അത് സെലക്ട് കമ്മിറ്റിക്ക് വിടണമെന്നും ആവശ്യപ്പെട്ടു. പ്രതിപക്ഷത്തിന്റെ കടുത്ത എതിർപ്പിനിടിയിലാണ് ബിൽ പാസാക്കിയത്.

✪✪✪

രണ്ട് ദിവസത്തെ ഒമാൻ സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിലേക്ക് യാത്ര തിരിച്ചു. ഇന്ത്യ-ഒമാൻ നയതന്ത്ര ബന്ധങ്ങൾക്ക് 70 വർഷം പൂർത്തിയായ സാഹചര്യത്തിലായിരുന്നു ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിഖിന്റെ ക്ഷണപ്രകാരം നരേന്ദ്രമോദിയുടെ സന്ദർശനം. ഇരുവരും റോയൽ അൽ ബരാകത്ത് കൊട്ടാരത്തിൽ നടത്തിയ കൂടിക്കാഴ്ച ഇരു രാജ്യങ്ങൾക്കുമിടയിലെ നൂറ്റാണ്ടുകൾ നീണ്ട സൗഹൃദം കൂടുതൽ ശക്തമാക്കാനും തലമുറകളായി ഒമാനിൽ കഴിയുന്ന ഇന്ത്യൻ സമൂഹത്തിന്റെ മനസ്സ് കീഴടക്കാനും വഴിയൊരുക്കിയെന്നാണ് വിലയിരുത്തൽ.

സമഗ്ര-സാമ്പത്തിക പങ്കാളിത്ത കരാറിൽ ഇരു രാജ്യങ്ങളും ഒപ്പുവെച്ചു. ഇതിന് പുറമെ ആറ് ധാരണാ പത്രങ്ങളിലും ഇരു രാജ്യങ്ങളും ഒപ്പിട്ടു. എല്ലാത്തരം ഭീകരവാദത്തെയും അപലപിച്ച സുൽത്താനും നരേന്ദ്രമോദിയും ഗാസയിലെ സാഹചര്യങ്ങളിൽ ആശങ്കയും പ്രകടിപ്പിച്ചു.

✪✪✪

ന്യൂഡൽഹിയിൽ രണ്ടാമത് പരമ്പരാഗത വൈദ്യശാസ്ത്ര ആഗോള ഉച്ചകോടിയുടെ സമാപന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. സമ്മേളനത്തെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി ആയുഷ് മേഖലയിലെ മാസ്റ്റർ ഡിജിറ്റൽ പോർട്ടലായ മൈ ആയുഷ് ഇന്റഗ്രേറ്റഡ് സർവീസസ് പോർട്ടൽ ഉൾപ്പെടെ നിരവധി സുപ്രധാന ആയുഷ് സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യും.

✪✪✪

കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച വാർഷിക ക്രിസ്മസ് ആഘോഷങ്ങളിൽ ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ പങ്കെടുത്തു.

2047-ഓടെ വിക്ഷിത് ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാവരും തുടർന്നും ക്രിയാത്മകമായി സംഭാവന നൽകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

പശ്ചിമ ബംഗാൾ ഗവർണർ ഡോ.C.V.ആനന്ദ ബോസും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച വാർഷിക ക്രിസ്മസ് ആഘോഷങ്ങളിൽ ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ പങ്കെടുത്തു.

2047-ഓടെ വിക്ഷിത് ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാവരും തുടർന്നും ക്രിയാത്മകമായി സംഭാവന നൽകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

പശ്ചിമ ബംഗാൾ ഗവർണർ ഡോ.C.V.ആനന്ദ ബോസും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിൽ സംസ്ഥാനത്തെ എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനവും പൂർത്തിയായി. എന്യൂമറേഷൻ ഫോമുകളുടെ ശേഖരണം ഇന്നലെ അവസാനിച്ചു. കരട് വോട്ടർ പട്ടികയിൽ പേരുണ്ടോ എന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ ഡോ. രത്തൻ U കേൽക്കർ അഭ്യർത്ഥിച്ചു.

✪✪✪

30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേള ഇന്ന് സമാപിക്കും. വൈകീട്ട് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. സിനിമാ മേഖലയിൽ 50 വർഷം പൂർത്തിയാക്കിയ പ്രശസ്ത സംവിധായകൻ സയീദ് മിർസയയെ ആദരിക്കും.

മേളയിലെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം മൗറിത്തേനിയൻ സംവിധായകൻ അബ്ദെറഹ്മാൻ സിസാക്കോയ്ക്ക് മുഖ്യമന്ത്രി സമ്മാനിക്കും. ജൂറി ചെയർപേഴ്സൺ മുഹമ്മദ് റസൂലാഫിനേയും മുഖ്യമന്ത്രി ആദരിക്കും. മേളയിലെ ഏറ്റവും മികച്ച സിനിമയ്ക്ക് സുവർണ ചകോര പുരസ്കാരവും മറ്റ് പുരസ്കാരങ്ങളും മുഖ്യമന്ത്രി വിതരണം ചെയ്യും. പ്രേക്ഷക അവാർഡ്, തിയ്യറ്റർ അവാർഡ്, മാധ്യമ അവാർഡ് എന്നിവയും ഇതോടൊപ്പം വിതരണം ചെയ്യും.

✪✪✪

ചലച്ചിത്രമേളയിലെ ഓഡിയൻസ് പോൾ അവാർഡിന് ഉച്ചയ്ക്ക് രണ്ട് വരെ വോട്ട് ചെയ്യാം. വെബ്സൈറ്റ് വഴിയും മൊബൈൽ ആപ്പ് വഴിയും വോട്ട് രേഖപ്പെടുത്താം. 14 ചിത്രങ്ങളാണ് ഓഡിയൻസ് പോൾ അവാർഡിന് മത്സരിക്കുന്നത്.

✪✪✪

ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരം ഇന്ന് അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ. വൈകിട്ട് ഏഴിന് മത്സരം ആരംഭിക്കും. ബുധനാഴ്ച ലഖ്നൗവിൽ നടത്തേണ്ടിയിരുന്ന മത്സരം കനത്ത മൂടൽമഞ്ഞിനെ തുടർന്ന് ഉപേക്ഷിച്ചിരുന്നു. പരമ്പരയിൽ രണ്ട് മത്സരങ്ങൾ ജയിച്ച് ഇന്ത്യ മുന്നിട്ട് നിൽക്കുകയാണ്. ഒരു മത്സരത്തിൽ ദക്ഷിണാഫ്രിക്കയാണ് വിജയിച്ചത്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോൾ ഫൈനൽ ഇന്ന് കണ്ണൂരിൽ. ജവഹർ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

കണ്ണൂരിൽ നിന്ന് KO ശശിധരൻ

.......വോയ്സ്.....

കണ്ണൂർ വാരിയേഴ്സ് എഫ്സിയും തൃശൂർ മാജിക് എഫ്സിയും തമ്മിൽ ആണ് ഫൈനൽ പോരാട്ടം.. കണ്ണൂർ വാരിയേഴ്സ് എഫ്സി സെമി ഫൈനലിൽ നിലവിലെ ചാമ്പ്യൻമാരായ കാലിക്കറ്റ് എഫ്സിയെ എതിരില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ച് ആണ് ഫൈനലിൽ എത്തിയത്. തൃശൂർ മാജിക് എഫ്സി മലപ്പുറം എഫ്സിയെ പരാജയപ്പെടുത്തിയാണ് ഫൈനൽ യോഗ്യത നേടിയത്. സ്വന്തം മൈതാനത്ത് കളിച്ച കഴിഞ്ഞ അഞ്ച് ഹോം മത്സരങ്ങളിൽ ഒരു വിജയം പോലും നേടാൻ കണ്ണൂരിന് സാധിച്ചിട്ടില്ല. സൂപ്പർ ലീഗിലെ മികച്ച ടീമുകളിൽ ഒന്നാണ് തൃശൂർ മാജിക് എഫ്സി.

കണ്ണൂർ വാരിയേഴ്സിന് എതിരെ സൂപ്പർ ലീഗിൽ തൃശൂർ മാജിക് എഫ്സിക്ക് ഇതുവരെ ജയിക്കാൻ സാധിച്ചിട്ടില്ല എന്നത് മറ്റൊരു പ്രത്യേകതയാണ്. രണ്ടാം സീസിണിൽ ഇരുവരും ഏറ്റുമുട്ടിയപ്പോൾ ഒരു മത്സരം സമനിലയിലും പിരിഞ്ഞു. ഒരു മത്സരത്തിൽ കണ്ണൂർ വാരിയേഴ്സ് വിജയിക്കുകയും ചെയ്തു.

✪✪✪

സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ 5,900 കോടി രൂപ കേന്ദ്രം കുറവു വരുത്തിയതായി മന്ത്രി KN ബാലഗോപാൽ എറണാകുളത്ത് അറിയിച്ചു. ഇന്നലെ രാത്രിയാണ് ഇതുസംബന്ധിച്ച കത്ത് ലഭിച്ചതെന്ന് മന്ത്രി ഗസ്റ്റ് ഹൗസിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ വഖഫ് സ്വത്തുകൾ, കേന്ദ്ര വഖഫ് ഭേദഗതി നിയമപ്രകാരം ഉമീദ് സെൻട്രൽ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സമയപരിധി അഞ്ച് മാസത്തേക്കുകൂടി നീട്ടി നൽകിയതായി മന്ത്രി V. അബ്ദുറഹിമാൻ അറിയിച്ചു. വഖഫ് ട്രിബ്യൂണൽ അനുവദിച്ച അധിക സമയം വഖഫ് സ്ഥാപനങ്ങളും മുതവല്ലിമാരും പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി പറഞ്ഞു. നേരത്തെ ഡിസംബർ 6 വരെയാണ് ഉമീദ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സമയപരിധി നൽകിയിരുന്നത്.

✪✪✪

സംസ്ഥാനത്തെ പൊലീസ് സ്റ്റേഷനുകൾ കുരുതിക്കളമായി മാറിയെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് കുറ്റപ്പെടുത്തി. കൈക്കൂലിയും കയ്യൂക്കും പൊലീസിന്റെ മുഖമുദ്രയായി മാറുകയാണെന്നും അദ്ദേഹം പറഞ്ഞു. എറണാകുളം നോർത്ത് പൊലീസ് സ്റ്റേഷനിൽ ഭർത്താവിനെ തേടിയെത്തിയ ഭാര്യയെ പൊലീസ് ക്രൂരമായി മർദ്ദിക്കുന്ന ദൃശ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. യുവതിയെ മർദ്ദിച്ച പൊലീസ് ഉദ്യോഗസ്ഥനെതിരെ അതിശക്തമായ നടപടിയെടുക്കണമെന്ന് സണ്ണി ജോസഫ് ആവശ്യപ്പെട്ടു. കള്ളക്കേസ് എടുത്ത പൊലീസുകാർക്കെതിരെ മാതൃകാപരമായ നടപടി വേണമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കോഴിക്കോട് കോർപ്പറേഷൻ മേയർ സ്ഥാനത്തേക്ക് O സദാശിവനെയും ഡെപ്യൂട്ടി മേയർ സ്ഥാനത്തേക്ക് ഡോ S ജയശ്രീയേയും മത്സരിപ്പിക്കാൻ LDF യോഗം തീരുമാനിച്ചു.

സദാശിവൻ മൂന്നാം തവണയാണ് കോർപ്പറേഷൻ കൗൺസിലറാകുന്നത്. ഡോ. ജയശ്രീ നിലവിൽ കോർപ്പറേഷൻ ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷയാണ്.

✪✪✪

കോഴിക്കോട് നാദാപുരം ഡിവിഷനിൽ നിന്ന് വിജയിച്ച KK നവാസിനെ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റാക്കാൻ മുസ്ലിംലീഗ് ജില്ലാ കമ്മിറ്റി തീരുമാനിച്ചു. ലീഗ് ജില്ലാ സെക്രട്ടറി കൂടിയാണ് നവാസ്.

✪✪✪

കണ്ണൂർ കോർപ്പറേഷൻ മേയറായി P ഇന്ദിരയെ നിയമിക്കാൻ ജില്ലാ കോൺഗ്രസ് കമ്മിറ്റിയോഗം തീരുമാനിച്ചു. നിലവിൽ ഡെപ്യൂട്ടി മേയറായ ഇന്ദിര പയ്യാമ്പലം ഡിവിഷനിൽ നിന്നാണ് വിജയിച്ചത്.

✪✪✪

കണ്ണൂർ ജില്ലയിൽ ഇന്നലെ വാഹനാപകടങ്ങളിൽ രണ്ട് സ്ത്രീകൾ മരിച്ചു. ദേശീയപാതയിൽ പയ്യന്നൂരിനടുത്ത് കണ്ടോത്ത് സ്കൂട്ടറിൽ ടാങ്കർ ലോറി ഇടിച്ച് കടന്നപ്പള്ളി ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഓഫീസ് ജീവനക്കാരി അന്നൂരിലെ KK. ഗ്രീഷ്മ ആണ് മരിച്ചവരിൽ ഒരാൾ.

ആലക്കോട് തേർത്തല്ലിയിൽ കാറും സ്കൂട്ടറും കൂട്ടിയിടിച്ച് കോടോപ്പള്ളിയിലെ ചിന്നിക്കര മേരിയാണ് മരിച്ച മറ്റൊരാൾ.

സ്കൂട്ടറോടിച്ച ഭർത്താവിനെ ഗുരുതര പരിക്കുകളോടെ മംഗളൂരുവിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ശരണ്യ രാജൻ*
*DEO: സി കെ സുബോധ്*